നാനൂറ് ഗ്രാം എം.ഡി.എം.എ യുമായി അഞ്ച് യുവാക്കൾ അറസ്റ്റിൽ. കണ്ണൂർ നാറാത്ത് തറമേൽ വീട്ടിൽ മുനീഷ് (27), സൗത്ത് വാഴക്കുളം താഴത്താൻ വീട്ടിൽ അഫ്സൽ (23), ആലപ്പുഴ പുന്നപ്ര പരവൂർ കൊല്ലപ്പറമ്പിൽ വീട്ടിൽ ചാൾസ് ഡെന്നിസ് (25), എടത്തല കുഴിവേലിപ്പടി ചാലിൽ വീട്ടിൽ മുഹമ്മദ് അൻസാർ (26), പുക്കാട്ടുപടി മലയിടം തുരുത്ത് താഴത്ത് പറമ്പിൽ വീട്ടിൽ അസ്രത്ത് (20), എന്നിവരെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. അങ്കമാലി ടി.ബി ജംഗ്ഷനിൽ വച്ച് കാറിൽ കടത്തുകയായിരുന്ന 634 മില്ലിഗ്രാം എം.ഡി.എം.എ യുമായി മൂന്നു പേരെയാണ് ആദ്യം പിടികൂടിയത്. തുടർന്ന് നടന്ന അന്വേഷണത്തിലാണ് സ്കൂട്ടറിൽ സൂക്ഷിച്ച നാനൂറ് ഗ്രാമോളം മയക്കുമരുന്നും രണ്ട് പേരെയും പിടികൂടിയത്.